©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

**PUBLISHED BY AUTHORITY**

| | | | |
|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2021 മാർച്ച് 16<br>16th March 2021<br>1196 മീനം 2<br>2nd Meenam 1196<br>1942 ഫാൽഗുനം 25<br>25th Phalguna 1942 | നമ്പർ<br>No. **11** |

## PART III
# Co-operative Department

REGISTRATION CERTIFICATE

No. O-2614/2020. *28th January 2021.*

I do hereby certify in exercise of the powers conferred on me under Section 7 of the Kerala Co-operative Societies Act, 1969 (Act 21 of 1969) that the following society, the particulars which is furnished in the Categorical Statement is registered by me today as a Co-operative Society under the said Act on the basis of limited liability and that the bye-laws of the undermentioned society is also hereby registered under the said section.

**Categorical Statement**

1. Name of Society—Kollam District Soda & Soft Drinks Producers Social Welfare Co-operative Society Ltd. No. Q 1707.
2. Date of Registration—28-1-2021.
3. Address—Kollam District Soda & Soft Drinks Producers Social Welfare Co-operative Society Ltd. No. Q. 1707, Anchal P. O-691 306.
4. Liability—Limited.
5. Area of Operation—Kollam district only.
6. Main Objects—As per Bye Law Clause-2.
7. Type of Society—Miscellaneous Society-Social Welfare Society Rule 15 (12) (1) of KCS Act & Rule.
8. Authorized Share Capital—₹ 22,00,000 (Twenty two lakhs only).

   (1) 4000 'A' Class share of ₹ 250 each.

   (2) 2000 'B' Class share of ₹ 500 each.

   (3) 2000 'C' Class share of ₹ 100 each.
9. Maximum Borrowing Power—100 times of total paid up Share Capital and Reserve Fund.

Office of the Joint Registrar of
Co-operative Societies (General),
Kollam.

(Sd.)
*Joint Registrar (General).*

Gaz. No. 11/2021/DTP (Co-operative).

REGISTRATION CERTIFICATE

I do hereby certify in exercise of the powers conferred on me under section 7 of the Kerala Co-operative Societies Act, 1969 (Act 21 of 1969) that the following society, the particulars which are furnished in the Categorical Statements are registered by me today as a Co-operative Society under the said Act on the basis of limited liabilities and that the bye-laws of the undermentioned societies are also hereby registered under the said section.

**Categorical Statements**

(1)

No. O-437/2017. *18th January 2021.*

1. Name and Number of the Society—Manjalloor Agricultural Improvement Co-operative Society Ltd. No. 1431.
2. Date of Registration—18-1-2021.
3. Address—Vazhakkulam P. O., Muvattupuzha.
4. Liability—Limited.
5. Area of operation—Whole area of Manjalloor Panchayat in Muvattupuzha Taluk in Ernakulam District.
6. Main Object—To Promote Thrift, Self help, Mutual help and Co-operation among members.
7. Authorized Share Capital—₹ 22,50,000.
   (1) A Class-20000 shares of ₹ 100 each.
   (2) B Class-2500 shares of ₹ 50 each.
   (3) C Class-5000 shares of ₹ 25 each.
8. Maximum borrowing limit—150 times of paid up Share Capital + Reserve Fund.
9. Category as per KCS Act—Rule 15.
   1-Credit Societies.
   (C)-Other Primary Credit Societies.
   (ii)-Agricultural Improvement Co-operative Societies.

(2)

No. O(1)-993/2019. *23rd January 2021.*

1. Name and Number of the Society—Ernakulam District Micro Small Medium Entrepreneurs Co-operative Society Ltd. No. 1432.
2. Date of Registration —23-1-2021.
3. Address—Third Floor, Penta Estate, Janatha Junction, Palarivattom.
4. Liability—Limited.
5. Area of operation—Whole area of Ernakulam District except Ayyampuzha Village.
6. Main Object—To Promote Thrift, Self help, Mutual help and Co-operation among members.
7. Authorized Share Capital—₹ 160,20,00,00,000.
   (1) A Class-6000000 shares of ₹ 250 each.
   (2) B Class-20000 shares of ₹ 5,000 each.
   (3) C Class-20000 shares of ₹ 100 each.
8. Maximum borrowing limit—150 times of paid up Share Capital + Reserve Fund.
9. Category as per KCS Act—Rule 15.
   12-Miscellaneous.
   (3)-Others.
   (i)-Not falling in either of the above classes.

(3)

No. O(1)-7972/2018. *29th January 2021.*

1. Name and Number of the Society—Pallarimangalam Panchayat Grameena Co-operative Society Ltd. No. 1433.
2. Date of Registration—29-1-2021.
3. Address—Pallarimangalam P. O., Adivadu, Ernakulam District.
4. Liability—Limited.
5. Area of operation—Whole area of 13 wards of Pallarimangalam Grama Panchayat in Kothamangalam Taluk in Ernakulam District.
6. Main Object—To Promote Thrift, Self help, Mutual help and Co-operation among members.
7. Authorized Share Capital—₹ 77,50,000.
   (1) A Class-50000 shares of ₹ 100 each.
   (2) B Class-5000 shares of ₹ 500 each.
   (3) C Class-10000 shares of ₹ 25 each.
8. Maximum borrowing limit—150 times of paid up Share Capital + Reserve Fund.
9. Category as per KCS Act—Rule 15.
   12-Miscellaneous.
   (3)-Others.
   (i)-Not falling in either of the above sub-classes.

Office of the Joint Registrar of
Co-operative Societies (General), (Sd.)
Ernakulam. *Joint Registrar (General).*

## വയനാട് ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ: ശ്രീമതി എം. എം. ഖദീജ)

(1)

നമ്പർ AEL/2469/2020. 2021 ജനുവരി 27.

വിഷയം:—സഹകരണവകുപ്പ്—സമാപ്തീകരണം—മഹാത്മാഗാന്ധി മെമ്മോറിയൽ സഹകരണ ആശുപത്രി ക്ലിപ്തം നമ്പർ ഡബ്ലിയു.157—സമാപ്തീകരണ ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) സുൽത്താൻ ബത്തേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 25-8-2020-ലെ 531/2020 നമ്പർ കത്ത്.

(2) സുൽത്താൻ ബത്തേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ സുൽത്താൻ ബത്തേരി യൂണിറ്റ് ഇൻസ്പെക്ടർ സഹകരണ നിയമം വകുപ്പ് 66 പ്രകാരം അന്വേഷണം നടത്തി ബോധിപ്പിച്ച റിപ്പോർട്ട്.

(3) ഈ ആഫീസിൽ നിന്നും 28-9-2020-ന് JRWYD/2469/2020/AEL നമ്പർ നോട്ടീസുകൾ.

വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി താലൂക്കിൽ കേണിച്ചിറ ആസ്ഥാനമായി 23-4-1993-ൽ രജിസ്റ്റർ ചെയ്ത് 15-6-1993-ന് പ്രവർത്തനമാരംഭിച്ച മഹാത്മാഗാന്ധി മെമ്മോറിയൽ സഹകരണ ആശുപത്രി സംഘം പ്രവർത്തന രഹിതമായതിനെ തുടർന്ന് സംഘത്തിൽ സഹകരണ നിയമം വകുപ്പ് 66 പ്രകാരം ഒരു അന്വേഷണം നടത്തി റിപ്പോർട്ട് ബോധിപ്പിക്കുന്നതിന് സുൽത്താൻ ബത്തേരി അസിസ്റ്റന്റ് രജിസ്ട്രാർ-ടെ 13-7-2020-ലെ 531/2020 ഉത്തരവ് പ്രകാരം സുൽത്താൻ ബത്തേരി യൂണിറ്റ് ഇൻസ്പെക്ടറെ നിയോഗിച്ച പ്രകാരം നടത്തിയ പരിശോധനയിൽ ടി സംഘം രൂപീകരിച്ച ആദ്യ നാളുകളിൽ കേണിച്ചിറ ടൗണിൽ വാടക കെട്ടിടത്തിലായിരുന്നു പ്രവർത്തിച്ചിരുന്നതെന്നും സംഘം 4-5-1998-ൽ 15 സെന്റ് വസ്തു വാങ്ങുകയും അതിൽ ഒരു കെട്ടിടം നിർമ്മിച്ചിട്ടുള്ളതായും 1998 വരെ പ്രവർത്തനം നടത്തിയിരുന്ന സംഘത്തിൽ 31-3-1998 വരെ ആഡിറ്റ് നടന്നിട്ടുള്ളതായും 1998-ന് ശേഷം വസ്തു വാങ്ങിയ രേഖയല്ലാതെ മറ്റ് രേഖകൾ ഒന്നും സംഘം പ്രവർത്തനം നടത്തിയതുമായി ഇല്ലാത്തതും സംഘം വാങ്ങിയ വസ്തു അന്യാധീനപ്പെട്ടു കിടന്നിരുന്നതായും ഇപ്പോൾ സ്ഥലവും കെട്ടി ഇപ്പോൾ സംഘം കൈവശത്തിലാക്കിയിട്ടുണ്ട് എന്നും 1998 മുതൽ പ്രവർത്തനം ഒന്നും ഇല്ലാത്തതിനാൽ സംഘം റിക്കാർഡുകളും ഉപകരണങ്ങളും ചിതലെടുത്തും തുരുമ്പെടുത്തും മുഴുവനായും തന്നെ നശിച്ചു പോകുകയും വർഷങ്ങളായി സ്ഥാപനം അടഞ്ഞ് കിടന്നതിനാൽ മോഷണം നടന്നതായും ഉപകരണങ്ങൾ നഷ്ടപ്പെട്ടതായും റിക്കാർഡുകളും ഉപകരണങ്ങളും വീണ്ടെടുക്കാൻ സാധ്യമല്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സംഘത്തിൽ അവസാനം നിലവിലുണ്ടായിരുന്നത് എൻ. ആർ. സോമൻ മുതൽ എഴു പേർ അടങ്ങുന്ന ഒരു ഭരണ സമിതിയുണ്ടായിരുന്നതായും പിന്നീട് എൻ. ആർ. സോമൻ മുതൽ മൂന്ന് പേർ അടങ്ങുന്ന ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഉണ്ടായിരുന്നതും എന്നാൽ ടി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി യാതൊരു പ്രവർത്തനവും നടത്തിയിട്ടില്ലാത്തതും പരിശോധന ഉദ്യോഗസ്ഥൻ ശ്രീ. എൻ. ആർ. സോമനെ നേരിൽ കേട്ടതിൽ ടിയാന്റെ കൈവശം ഉണ്ടായിരുന്ന റിക്കാർഡുകൾ പരിശോധന ഉദ്യോഗസ്ഥന് കൈമാറിയതായും ഈ സംഘം പ്രവർത്തനക്ഷമമാക്കാൻ സാദ്ധ്യമല്ലെന്ന് മൊഴി നൽകിയതായും സംഘത്തിന്റെ അവസാന ആഡിറ്റ് റിപ്പോർട്ട് പ്രകാരം ബാങ്കിൽ ₹ 5,09,377 ഉണ്ടെങ്കിലും ബാങ്കിൽ നടത്തിയ പരിശോധനയിൽ ₹ 436.00 മാത്രമേ കണ്ടുള്ളുവെന്നും റിപ്പോർട്ട് ചെയ്തിരുന്നു. തീർത്തും പ്രവർത്തനരഹിതമായ സംഘം പ്രവർത്തനക്ഷമമാക്കാൻ യാതൊരു സാധ്യതയും ഇല്ലായെന്നും ഇനിയും സംഘം ആസ്തികൾ നഷ്ടപ്പെടാതിരിക്കാനും സംഘം പ്രവർത്തനം സമാപ്തീകരിച്ച് ആസ്തി ബാധ്യതകൾ അവസാനിപ്പിക്കാവുന്നതാണ് റിപ്പോർട്ട് ചെയ്തിരുന്നു. പരിശോധന ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംഘം സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് സൂചന (1) പ്രകാരം സുൽത്താൻ ബത്തേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്തിട്ടുണ്ട്.

പ്രവർത്തനം പുനരുജ്ജീവനത്തിന് യാതൊരു സാധ്യതയുമില്ലെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് സംഘം കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരം സമാപ്തീകരണ നടപടികൾ കൈക്കൊള്ളാതിരിക്കാൻ വല്ല ആക്ഷേപവുമുണ്ടെങ്കിൽ ആയത് ബോധിപ്പിക്കുന്നതിന് ധനസഹായ ബാങ്കിനും സുൽത്താൻ ബത്തേരി സർക്കിൾ സഹകരണ യൂണിയനും മേൽ സൂചന (3) പ്രകാരം നൽകിയ നോട്ടീസ് പ്രകാരം യാതൊരു മറുപടിയും ലഭ്യമായിട്ടില്ല. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

### ഉത്തരവ്

ക്ലിപ്തം നമ്പർ ഡബ്ലിയു. 157 മഹാത്മാഗാന്ധി മെമ്മോറിയൽ സഹകരണ ആശുപത്രി സംഘം 1969-ലെ സഹകരണ നിയമം വകുപ്പ് 71 (1) പ്രകാരം സമാപ്തീകരണ നടപടികൾ സ്വീകരിക്കുന്നതിന് സുൽത്താൻ ബത്തേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ സുൽത്താൻ ബത്തേരി യൂണിറ്റ് ഇൻസ്പെക്ടറെ സംഘം ലിക്വിഡേറ്ററായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ ചുമതല ഏൽക്കുന്ന ദിവസത്തെ കടധന പട്ടിക തയ്യാറാക്കേണ്ടതും സംഘത്തിന്റെ സകല മുതലുകളും റിക്കാർഡുകളും ഏറ്റെടുക്കേണ്ടതും ഏറ്റെടുത്ത മുതലുകളുടെയും റിക്കാർഡുകളുടെയും പട്ടിക തയ്യാറാക്കേണ്ടതും ആയതിന്റെ ഒരു പകർപ്പ് കടധന പട്ടിക സഹിതം ഈ ആഫീസിൽ സമർപ്പിക്കേണ്ടതുമാണ്. ലിക്വിഡേറ്റർ ഈ ഉത്തരവ് തീയതി മുതൽ 6 മാസത്തിനകം സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(2)

നമ്പർ AEL/2712/2020. 2021 ജനുവരി 27.

വിഷയം:—സഹകരണവകുപ്പ്—സമാപ്തീകരണം—താഴെ അരിവയൽ പൗൾട്രി ഫാം പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ലിയു.122—സമാപ്തീകരണ ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) സുൽത്താൻ ബത്തേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 24-9-2020-ലെ 531/2020 നമ്പർ കത്ത്.

(2) സുൽത്താൻ ബത്തേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ സുൽത്താൻ ബത്തേരി PCARDB സ്പെഷ്യൽ സെയിൽ ആഫീസർ സഹകരണ നിയമം വകുപ്പ് 66 പ്രകാരം അന്വേഷണം നടത്തി ബോധിപ്പിച്ച റിപ്പോർട്ട്.

(3) ഈ ആഫീസിൽ നിന്നും 16-10-2020-ന് JRWYD/2712/2020/AEL നമ്പർ നോട്ടീസുകൾ.

വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി താലൂക്കിൽ അരിവയൽ ആസ്ഥാനമായി 10-5-1992-ൽ രജിസ്റ്റർ ചെയ്ത് 30-6-1992-ന് പ്രവർത്തനമാരംഭിച്ചിരുന്ന താഴെ അരിവയൽ പൗൾട്രി ഫാം പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ലിയു.122 നിരവധി വർഷങ്ങളായി പ്രവർത്തന രഹിതമായതിനെ തുടർന്ന് കേരളാ സഹകരണ നിയമം വകുപ്പ് 66 പ്രകാരം ഒരു പരിശോധന നടത്താൻ സുൽത്താൻ ബത്തേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 28-7-2020-ലെ 586/2020-ാം നമ്പർ ഉത്തരവ് പ്രകാരം സുൽത്താൻ ബത്തേരി പി.സി.എ.ആർ.ഡി.ബി. സ്പെഷ്യൽ സെയിൽ ആഫീസർ പരിശോധന നടത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ടി റിപ്പോർട്ടിൽ സംഘം വർഷങ്ങളായി പ്രവർത്തിക്കുന്നില്ലയെന്നും സംഘം ഇലക്ഷൻ രജിസ്റ്റർ പ്രകാരം സംഘം ഭരണസമിതിയിലേക്ക് 30-6-1994-ൽ ഒരു തെരഞ്ഞെടുപ്പ് നടന്നതായും അതിൽ തെരഞ്ഞെടുത്ത ഒ. നാരായണൻ മുതൽ 8 പേരുണ്ടായിരുന്നുവെന്നും എന്നാൽ ടി ഭരണസമിതി അംഗങ്ങളുടെ മേൽവിലാസം ലഭ്യമല്ലാത്തിനാൽ എഴുത്ത് കുത്തുകൾ നടത്താൻ സാധിച്ചില്ലായെന്നും സംഘത്തിന് ആഫീസോ സ്ഥിരം ജീവനക്കാരോ ഇല്ലാത്തതിനാൽ സംഘം സെക്രട്ടറി/പ്രസിഡന്റ് പേരിൽ കത്തയച്ചത് വിലാസക്കാരനില്ലാത്തതിനാൽ തിരികെ വന്നുവെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സംഘത്തിൽ നാളിതുവരെ ആഡിറ്റ് നടത്തിയിട്ടില്ലായെന്നും തീർത്തും പ്രവർത്തനരഹിതമായ സംഘം പ്രവർത്തിച്ചതായി യാതൊരു വിവരങ്ങളും പ്രദേശവാസികൾക്ക് അറിയില്ലായെന്നും സംഘം റിക്കാർഡുകളും രേഖകളും ലഭ്യമല്ലായെന്നും തീർത്തും പ്രവർത്തനരഹിതമായ സംഘം പ്രവർത്തനക്ഷമമാക്കുന്നതിന് യാതൊരു സാധ്യതയും ഇല്ലായെന്നും റിപ്പോർട്ട് ചെയ്തിരുന്നു. പരിശോധന ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംഘം സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് സൂചന (1) പ്രകാരം സുൽത്താൻ ബത്തേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്തിട്ടുണ്ട്.

പ്രവർത്തനം പുനരുജ്ജീവനത്തിന് യാതൊരു സാധ്യതയുമില്ലെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് സംഘം കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരം സമാപ്തീകരണ നടപടികൾ കൈക്കൊള്ളാതിരിക്കാൻ വല്ല ആക്ഷേപവുമുണ്ടെങ്കിൽ ആയത് ബോധിപ്പിക്കുന്നതിന് ധനസഹായ ബാങ്കിനും സുൽത്താൻ ബത്തേരി സർക്കിൾ സഹകരണ യൂണിയനും മേൽ സൂചന (3) പ്രകാരം നൽകിയ നോട്ടീസ് പ്രകാരം യാതൊരു മറുപടിയും ലഭ്യമായിട്ടില്ല. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

ക്ലിപ്തം നമ്പർ ഡബ്ലിയു. 122 താഴെ അരിവയൽ പൗൾട്രി ഫാം പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം, 1969-ലെ സഹകരണ നിയമം വകുപ്പ് 71 (1) പ്രകാരം സമാപ്തീകരണ നടപടികൾ സ്വീകരിക്കുന്നതിന് സുൽത്താൻ ബത്തേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ എ & ഇ ഇൻസ്പെക്ടറെ സംഘം ലിക്വിഡേറ്ററായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ ചുമതല ഏൽക്കുന്ന ദിവസത്തെ കടധന പട്ടിക തയ്യാറാക്കേണ്ടതും സംഘത്തിന്റെ സകല മുതലുകളും റിക്കാർഡുകളും ഏറ്റെടുക്കേണ്ടതും ഏറ്റെടുത്ത മുതലുകളുടെയും റിക്കാർഡുകളുടെയും പട്ടിക തയ്യാറാക്കേണ്ടതും ആയതിന്റെ ഒരു പകർപ്പ് കടധന പട്ടിക സഹിതം ഈ ആഫീസിൽ സമർപ്പിക്കേണ്ടതുമാണ്. ലിക്വിഡേറ്റർ ഈ ഉത്തരവ് തീയതി മുതൽ 6 മാസത്തിനകം സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(3)

നമ്പർ AEL/2714/2020. 2021 ജനുവരി 27.

വിഷയം:—സഹകരണവകുപ്പ്—സമാപ്തീകരണം—മീനങ്ങാടി കോ-ഓപ്പറേറ്റീവ് ആർട്സ് കോളേജ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ലിയു. 217—സമാപ്തീകരണ ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) സുൽത്താൻ ബത്തേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 25-9-2020-ലെ 585/2020 നമ്പർ കത്ത്.

(2) സുൽത്താൻ ബത്തേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ സുൽത്താൻ ബത്തേരി PCARDB സ്പെഷ്യൽ സെയിൽ ആഫീസർ സഹകരണ നിയമം വകുപ്പ് 66 പ്രകാരം അന്വേഷണം നടത്തി ബോധിപ്പിച്ച റിപ്പോർട്ട്.

(3) ഈ ആഫീസിൽ നിന്നും 16-10-2020-ന് JRWYD/2714/2020/AEL നമ്പർ നോട്ടീസുകൾ.

വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി താലൂക്കിൽ മീനങ്ങാടി ആസ്ഥാനമായി 6-3-1997-ൽ രജിസ്റ്റർ ചെയ്ത് 8-4-1997-ന് പ്രവർത്തനമാരംഭിച്ചിരുന്ന മീനങ്ങാടി കോ-ഓപ്പറേറ്റീവ് ആർട്സ് കോളേജ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ലിയു. 217 പ്രവർത്തനരഹിതമായതിനെ തുടർന്ന് കേരളാ സഹകരണ നിയമം വകുപ്പ് 66 പ്രകാരം ഒരു പരിശോധന നടത്താൻ സുൽത്താൻ ബത്തേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 28-7-2020-ലെ 585/2020-ാം നമ്പർ ഉത്തരവ് പ്രകാരം ആ ആഫീസിലെ സുൽത്താൻ ബത്തേരി പി.സി.എ.ആർ.ഡി.ബി. സ്പെഷ്യൽ സെയിൽ ആഫീസർ പരിശോധന നടത്തി റിപ്പോർട്ട് ബോധിപ്പിക്കുകയും ആയതിന്റെ പകർപ്പ് ഈ ആഫീസിലേക്ക് സൂചന പ്രകാരം അയച്ചു തന്നിട്ടുണ്ട്.

റിപ്പോർട്ടിൽ സംഘം വർഷങ്ങളായി പ്രവർത്തിക്കുന്നില്ലായെന്നും സംഘം ഇലക്ഷൻ രജിസ്റ്റർ പരിശോധിച്ചതിൽ സംഘം ഭരണസമിതിയിലേക്ക് 30-7-1997-ൽ ഒരു തെരഞ്ഞെടുപ്പ് നടന്നതായും അതിൽ തെരഞ്ഞെടുത്ത മോഹൻദാസ് മുതൽ 6 പേരുണ്ടായിരുന്നുവെന്നും എന്നാൽ ടി ഭരണസമിതി അംഗങ്ങളുടെ മേൽവിലാസം ലഭ്യമല്ലാത്തിനാൽ എഴുത്ത് കുത്തുകൾ നടത്താൻ സാധിച്ചില്ലയെന്നും സംഘത്തിന് ആഫീസോ സ്ഥിരം ജീവനക്കാരോ ഇല്ലാത്തതിനാൽ കത്തിടപാടുകൾ നടത്താൻ പറ്റിയിട്ടില്ല എന്നും സംഘത്തിൽ 1996-1997 വർഷം വരെ ആഡിറ്റ് നടത്തിയിട്ടുണ്ടെന്നും ലഭ്യമായ അവസാന ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം സംഘം ₹ 27465.48 അറ്റ നഷ്ടത്തിലാണ് എന്നും സംഘം മുൻ പ്രസിഡന്റായിരുന്ന ശ്രീ. മോഹൻദാസിനെ ബന്ധപ്പെട്ടതിൽ സംഘം കുറച്ച് കാലം മാത്രമേ പ്രവർത്തിച്ചിരുന്നുള്ളുവെന്നും റിക്കാർഡുകൾ ഒന്നും ലഭ്യമല്ല എന്നറിയിച്ചുവെന്നും സംഘം ഫർണിച്ചറുകൾ എവിടെയെന്നറിയില്ലയെന്നും സംഘത്തിന് കേരള ബാങ്ക് മീനങ്ങാടി ശാഖയിൽ ഒരു സേവിംഗ്സ് അക്കൗണ്ട് ഉണ്ടെന്നും അതിൽ ₹ 1,228 ബാക്കി നിൽപ്പുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തീർത്തും പ്രവർത്തനരഹിതമായ സംഘം പ്രവർത്തനക്ഷമമാക്കുന്നതിന് യാതൊരു സാധ്യതയും ഇല്ലായെന്നും സംഘം ഉദ്ദേശ്യ ലക്ഷ്യം നിറവേറ്റപ്പെട്ടിട്ടില്ലായെന്നും അപ്രകാരം പ്രവർത്തന രഹിതമായ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരിശോധന ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംഘം സമാപ്തീകരിക്കാവുന്നതാണെന്ന് സുൽത്താൻ ബത്തേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്തിട്ടുണ്ട്.

സംഘം ഉദ്ദേശ്യ ലക്ഷ്യം നിറവേറ്റപ്പെട്ടിട്ടില്ലായെന്നും പ്രവർത്തനം പുനരുജ്ജീവനത്തിന് യാതൊരു സാധ്യതയുമില്ലെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് സംഘം കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരം സമാപ്തീകരണ നടപടികൾ കൈക്കൊള്ളാതിരിക്കാൻ വല്ല ആക്ഷേപവുമുണ്ടെങ്കിൽ ആയത് ബോധിപ്പിക്കുന്നതിന് ധനസഹായ ബാങ്കിനും സുൽത്താൻ ബത്തേരി സർക്കിൾ സഹകരണ യൂണിയനും മേൽ സൂചന (3) പ്രകാരം നൽകിയ നോട്ടീസ് പ്രകാരം യാതൊരു മറുപടിയും ലഭ്യമായിട്ടില്ല. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

ക്ലിപ്തം നമ്പർ ഡബ്ലിയു. 217 മീനങ്ങാടി കോ-ഓപ്പറേറ്റീവ് ആർട്സ് കോളേജ് സഹകരണ സംഘം 1969-ലെ സഹകരണ നിയമം വകുപ്പ് 71 (1) പ്രകാരം സമാപ്തീകരണ നടപടികൾ സ്വീകരിക്കുന്നതിന് സുൽത്താൻ ബത്തേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ എ & ഇ ഇൻസ്പെക്ടറെ സംഘം ലിക്വിഡേറ്ററായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ ചുമതല ഏൽക്കുന്ന ദിവസത്തെ കടധന പട്ടിക തയ്യാറാക്കേണ്ടതും സംഘത്തിന്റെ സകല മുതലുകളും റിക്കാർഡുകളും ഏറ്റെടുക്കേണ്ടതും ഏറ്റെടുത്ത മുതലുകളുടെയും റിക്കാർഡുകളുടെയും പട്ടിക തയ്യാറാക്കേണ്ടതും ആയതിന്റെ ഒരു പകർപ്പ് കടധന പട്ടിക സഹിതം ഈ ആഫീസിൽ സമർപ്പിക്കേണ്ടതുമാണ്. ലിക്വിഡേറ്റർ ഈ ഉത്തരവ് തീയതി മുതൽ 6 മാസത്തിനകം സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(4)

നമ്പർ AEL/2840/2020. 2021 ജനുവരി 27.

വിഷയം:—സഹകരണവകുപ്പ്—സമാപ്തീകരണം—പുൽപ്പള്ളി വനിതാ സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ലിയു. 266—സമാപ്തീകരണ ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) സുൽത്താൻ ബത്തേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 8-10-2020-ലെ 531/2020 നമ്പർ കത്ത്.

(2) സുൽത്താൻ ബത്തേരി അസിസ്ട്രന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ സുൽത്താൻ ബത്തേരി യൂണിറ്റ് ഇൻസ്പെക്ടർ സഹകരണ നിയമം വകുപ്പ് 66 പ്രകാരം അന്വേഷണം നടത്തി ബോധിപ്പിച്ച റിപ്പോർട്ട്.

(3) ഈ ആഫീസിൽ നിന്നും 9-11-2020-ന് JRWYD/2840/2020/AEL നമ്പർ നോട്ടീസുകൾ.

വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി താലൂക്കിൽ പുൽപ്പള്ളി ആസ്ഥാനമായി 18-6-2005-ൽ രജിസ്റ്റർ ചെയ്ത് 16-7-2005-ന് പ്രവർത്തനമാരംഭിച്ചിരുന്ന പുൽപ്പള്ളി വനിതാ സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ലിയു. 266 പിന്നീട് പ്രവർത്തനരഹിതമായതിനെ തുടർന്ന് കേരളാ സഹകരണ നിയമം വകുപ്പ് 66 പ്രകാരം ഒരു പരിശോധന നടത്താൻ സുൽത്താൻ ബത്തേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 24-7-2020-ലെ 579/2020-ാം നമ്പർ ഉത്തരവ് പ്രകാരം ആ ആഫീസിലെ പുൽപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് സ്പെഷ്യൽ സെയിൽ ആഫീസർ പരിശോധന നടത്തി റിപ്പോർട്ട് ബോധിപ്പിച്ചിരുന്നു.

റിപ്പോർട്ട് പ്രകാരം സംഘം വർഷങ്ങളായി പ്രവർത്തിക്കുന്നില്ലായെന്നും സംഘത്തിന്റെ ഇലക്ഷൻ രജിസ്റ്റർ പരിശോധിച്ചതിൽ സംഘം ഭരണസമിതിയിലേക്ക് അവസാനം നടത്തിയ തെരഞ്ഞെടുപ്പിൽ ബിന്ദു പ്രകാശ് മുതൽ 9 പേരെ തെരഞ്ഞെടുത്തിരുന്നുവെന്നും സംഘം പ്രസിഡന്റായി മിസി കുര്യാക്കോസ് എന്നവരെ തെരഞ്ഞെടുത്തുവെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംഘം പുൽപ്പള്ളി ടൗണിൽ വാടകയ്ക്ക് ഒരു മുറിയിൽ പ്രവർത്തിച്ചിരുന്നതായും സംഘത്തിൽ 53 അംഗങ്ങളുണ്ടായിരുന്നതായും ഓഹരി മൂലധനമായി ₹ 9,800 സ്വരൂപിച്ചിട്ടുണ്ടെന്നും സംഘത്തിന് കേരള ബാങ്കിന്റെ പുൽപ്പള്ളി ശാഖയിൽ ഒരു അക്കൗണ്ട് ഉള്ളതിൽ ₹ 1,350 ഉണ്ടെന്നും സംഘം നാളിതുവരെ ആഡിറ്റ് നടത്തിയിട്ടില്ലെന്നും ദീർഘ നാളായി പ്രവർത്തനരഹിതമായതിനാൽ സംഘത്തിന്റെ മറ്റ് രേഖകളും റിക്കാർഡുകളും കണ്ടെത്താനായില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സംഘം പ്രസിഡന്റായിരുന്ന മിസി കുര്യാക്കോസ് നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ സംഘത്തിന്റെ നേതൃത്വത്തിൽ ഒരു ടൈലറിംഗ് യൂണിറ്റ് നടത്തിയിരുന്നുവെന്നും അതിന്റെ പ്രവർത്തനവും സംഘം പ്രവർത്തനത്തിനോടൊപ്പം നിർജ്ജീവമായെന്നും സംഘം പ്രസിഡന്റായിരുന്ന മിസി കുര്യാക്കോസ് സംഘം പ്രവർത്തനത്തിൽ താല്പര്യം കാണിച്ചെങ്കിലും ഭരണസമിതിയംഗങ്ങളാരും അതിന് താല്പര്യം കാണിച്ചില്ലായെന്നും പ്രവർത്തനരഹിതമായ സംഘത്തെ പ്രവർത്തനക്ഷമമാക്കുന്നതിന് യാതൊരു സാധ്യതയും ഇല്ല എന്നും അപ്രകാരം പ്രവർത്തനരഹിതമായ സംഘം സമാപ്തീകരിക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരിശോധന ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംഘം സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് സൂചന (1) പ്രകാരം സുൽത്താൻ ബത്തേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്തിട്ടുണ്ട്.

സംഘം അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ പരാജയപ്പെട്ടതായും പ്രവർത്തനം പുനരുജ്ജീവനത്തിന് യാതൊരു സാധ്യതയുമില്ലെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് സംഘം കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരം സമാപ്തീകരണ നടപടികൾ കൈക്കൊള്ളാതിരിക്കാൻ വല്ല ആക്ഷേപവുമുണ്ടെങ്കിൽ ആയത് ബോധിപ്പിക്കുന്നതിന് ധനസഹായ ബാങ്കിനും സുൽത്താൻ ബത്തേരി സർക്കിൾ സഹകരണ യൂണിയനും മേൽ സൂചന (3) പ്രകാരം നൽകിയ നോട്ടീസ് പ്രകാരം യാതൊരു മറുപടിയും ലഭ്യമായിട്ടില്ല. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

ക്ലിപ്തം നമ്പർ ഡബ്ലിയു. 266 പുൽപ്പള്ളി വനിതാ സഹകരണ സംഘം 1969-ലെ സഹകരണ നിയമം വകുപ്പ് 71 (1) പ്രകാരം സമാപ്തീകരണ നടപടികൾ സ്വീകരിക്കുന്നതിന് സുൽത്താൻ ബത്തേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ സുൽത്താൻ ബത്തേരി യൂണിറ്റ് ഇൻസ്പെക്ടറെ സംഘം ലിക്വിഡേറ്ററായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ ചുമതല ഏൽക്കുന്ന ദിവസത്തെ കടധന പട്ടിക തയ്യാറാക്കേണ്ടതും സംഘത്തിന്റെ സകല മുതലുകളും റിക്കാർഡുകളും ഏറ്റെടുക്കേണ്ടതും ഏറ്റെടുത്ത മുതലുകളുടെയും റിക്കാർഡുകളുടെയും പട്ടിക തയ്യാറാക്കേണ്ടതും ആയതിന്റെ ഒരു പകർപ്പ് കടധന പട്ടിക സഹിതം ഈ ആഫീസിൽ സമർപ്പിക്കേണ്ടതുമാണ്. ലിക്വിഡേറ്റർ ഈ ഉത്തരവ് തീയതി മുതൽ 6 മാസത്തിനകം സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(5)

നമ്പർ AEL/2733/2020.　　2021 ജനുവരി 30.

വിഷയം:—സഹകരണവകുപ്പ്-സമാപ്തീകരണം-മതിശ്ശേരി കാപ്പുംകുന്ന് പൗൾട്രി ഫാം പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ലിയു. 98-അന്തിമ സമാപ്തീകരണ ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) വയനാട് ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ 24-8-2019-ലെ AEL/823/2019 നമ്പർ ഉത്തരവ്.

(2) 30-10-2020-ലെ സംഘം അന്തിമ പൊതുയോഗത്തിന്റെ തീരുമാനവും, ലിക്വിഡേറ്ററുടെ റിപ്പോർട്ടും.

(3) മാനന്തവാടി അസിസ്റ്റന്റ് (ജനറൽ)-ടെ 8-1-2021-ലെ P/1060/2019 നമ്പർ കത്ത്.

ക്ലിപ്തം നമ്പർ ഡബ്ല്യു. 98 മതിശ്ശേരി കാപ്പുംകുന്ന് പൗൾട്രി ഫാം പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം നിരവധി വർഷങ്ങളായി പ്രവർത്തനരഹിതമായതിനെ തുടർന്ന് സംഘത്തിൽ കേരള സഹകരണ നിയമം വകുപ്പ് 66 പ്രകാരമുള്ള ഒരു പരിശോധന നടത്തി റിപ്പോർട്ട് ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സംഘം പുനരുജ്ജീവിപ്പിക്കാൻ യാതൊരു വിധത്തിലും സാധ്യമല്ലെന്ന് ബോധ്യപ്പെട്ടതിനെ തുടർന്ന് ഈ ആഫീസിലെ മേൽ സൂചന (1) ഉത്തരവ് പ്രകാരം മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ പനമരം യൂണിറ്റ് ഇൻസ്പെക്ടറെ സംഘം ലിക്വിഡേറ്ററായി നിയമിച്ച് സമാപ്തകീകരണ നടപടികൾ തുടർന്ന് വരുകയാണ്.

മേൽ സൂചന (1) ഉത്തരവ് പ്രകാരം ലിക്വിഡേറ്റർ 24-8-2019-ൽ സംഘം ലിക്വിഡേഷൻ ചാർജ്ജ് ഏറ്റെടുത്തുവെങ്കിലും ലിക്വിഡേറ്റർക്ക് സംഘം രേഖകൾ ഒന്നും തന്നെ ലഭ്യമായിരുന്നില്ല. സംഘത്തിൽ ഒടുവിലായി 2000-2001-ലാണ് ആഡിറ്റ് നടത്തിയിരുന്നത്. ടി ആഡിറ്റ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഒരു കടധന പട്ടിക തയ്യാറാക്കുകയയും ക്ലെയിം നോട്ടീസ് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. കടധന പട്ടിക താഴെ പറയും പ്രകാരമാണ്.

| ബാദ്ധ്യതകൾ | തുക ₹ | ആസ്തികൾ | തുക ₹ |
|---|---|---|---|
| ഓഹരി മൂലധനം (വ്യക്തികൾ) | 19,300.00 | ബാങ്കിൽ | 297.00 |
| കരുതൽ സംഘത്തിന് വരേണ്ടവ | 19,314.50 | ഓഹരി ജില്ലാ ബാങ്ക് | 100.00 |
| സിൽബന്തി ചെലവും തൻ ചെലവും | 2.00 | സംഘത്തിന് വരേണ്ടവ | 19,314.50 |
| സംഘത്തിൽ നിന്നും കൊടുക്കേണ്ടവ | 215.00 | അറ്റ നഷ്ടം | 19,120.00 |
| ആകെ | 38831.50 | ആകെ | 38,831.50 |

സമാപ്തീകരണ നടപടികളുടെ ഭാഗമായി ലിക്വിഡേറ്റർ നടത്തിയ പരിശോധനയിൽ സംഘത്തിന് ജില്ലാ സഹകരണ ബാങ്കിൽ ഓഹരിയായി ₹ 1,000 ഉള്ളതായി കണ്ടു. ലിക്വിഡേറ്റർ വയനാട് ജില്ലാ സഹകരണ ബാങ്കിന്റെ പനമരം ശാഖയിൽ ഒരു സേവിംഗ്സ് അക്കൗണ്ട് ആരംഭിക്കുകയും ലിക്വിഡേറ്റർ ടി ഓഹരി തുക ടി അക്കൗണ്ടിലേക്ക് മാറ്റുകയും ചെയ്തു.

ലിക്വിഡേറ്ററുടെ കാലാവധി ഈ ആഫീസിലെ 16-10-2020-ലെ AEL/2733/2020 ഉത്തരവ് പ്രകാരം 31-12-2020 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട് ലിക്വിഡേറ്റർ സമാപ്തീകരണ നടപടികളുടെ ഭാഗമായി പിരിച്ചെടുക്കാൻ സാധ്യമായ ആസ്തികൾ പിരിച്ചെടുക്കുകയും കൊടുത്ത് തീർക്കാൻ സാധ്യമായ ബാദ്ധ്യതകൾ മുഴുവനും കൊടുത്ത് തീർക്കുകയും ചെയ്തിട്ടുണ്ട്. രേഖകളുടേയും റിക്കാർഡുകളുടേയും അഭാവം കാരണം ലിക്വിഡേറ്റർക്ക് പിരിച്ചെടുക്കാൻ സാധിക്കാത്ത ₹ 38,434.50-ന്റെ ആസ്തികൾ എഴുതി തള്ളുന്നതിനും കൊടുത്ത് തീർക്കാൻ സാധിക്കാത്ത ₹ 38,831.50-ന്റെ ബാദ്ധ്യതകൾ കണ്ടുകെട്ടുന്നതിനും ലിക്വിഡേറ്ററുടെ അപേക്ഷയിൻമേൽ ഈ ആഫീസിലെ 16-10-2020-ലെ AEL/2733/2020 ഉത്തരവ് പ്രകാരം ലിക്വിഡേറ്റർക്ക് അനുമതി നൽകിയിട്ടുണ്ട്.

ലിക്വിഡേറ്റർ ആകെ പിരിച്ചെടുത്ത തുകയായ ₹ 1,412-ൽ നിന്നും 15% ലിക്വിഡേഷൻ കോസ്റ്റായി ₹ 212 സഹകരണ സംഘം രജിസ്ട്രാറുടെ അക്കൗണ്ടിൽ ട്രഷറിയിൽ അടച്ചിട്ടുണ്ട്. സംഘം അന്തിമ പൊതുയോഗം മുൻകൂട്ടി നോട്ടീസ് നൽകിയ പ്രകാരം മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ ആഫീസിൽ 30-10-2020-ന് ചേർന്നെങ്കിലും സംഘം യോഗത്തിൽ മെമ്പർമാർ ആരും തന്നെ പങ്കെടുത്തിട്ടില്ല. ലിക്വിഡേറ്റർ സമാപ്തീകരണ നടപടികളുടെ ഭാഗമായ വരവ് ചെലവ് കണക്കുകൾ യോഗത്തിൽ അംഗീകരിക്കുകയും ലിക്വിഡേറ്ററുടെ പേരിൽ ബാക്കിയുള്ള തുകയായ ₹ 1,200 മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ പേരിൽ മാനന്തവാടി ഫാർമേഴ്സ് സഹകരണ ബാങ്കിൽ നിക്ഷേപിക്കാനും ലിക്വിഡേറ്ററുടെ അക്കൗണ്ട് അവസാനിപ്പിക്കുന്നതിനും തീരുമാനമെടുക്കുകയും ചെയ്തു.

സമാപ്തീകരണ വരവ് ചെലവ് കണക്കുകളും നടപടി ക്രമങ്ങളും ഈ ആഫീസിലെ എ.ഇ.എൽ. ഓഡിറ്റർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സംഘം സമാപ്തീകരണം സംബന്ധിച്ച് മുഴുവൻ നടപടികളും പൂർത്തിയാക്കിയതിനാൽ സഹകരണ നിയമം വകുപ്പ് 74 പ്രകാരം സംഘത്തിന്റെ അസ്തിത്വം അവസാനിപ്പിച്ച് രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് ലിക്വിഡേറ്റർ സൂചന (2) പ്രകാരം തീരുമാനമെടുത്ത് അപേക്ഷിച്ചിട്ടുണ്ട്. ലിക്വിഡേറ്ററുടെ അപേക്ഷ അനുവദിക്കാവുന്നതാണെന്ന് മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മേൽ സൂചന (3) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

ക്ലിപ്തം നമ്പർ ഡബ്ലിയു. 98 മതിശ്ശേരി കാപ്പുംകുന്ന് പൗൾട്രി ഫാം പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘത്തിന്റെ രജിസ്ട്രേഷൻ 1969-ലെ സഹകരണ നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ ഇതു സംബന്ധിച്ച ഫയലുകളും രേഖകളും 3 വർഷം സൂക്ഷിക്കേണ്ടതും അതിനുശേഷം ഈ ആഫീസിന്റെ മുൻകൂട്ടിയുള്ള അനുമതിയോടെ നശിപ്പിക്കേണ്ടതുമാണ്.

സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ
ജനറലിന്റെ കാര്യാലയം, വയനാട്.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

---

REGISTRATION CERTIFICATE

I do hereby certify in exercise of the powers conferred upon me under section 7 of the Kerala Co-operative Societies Act, 1969 (Act 21 of 1969) that the following society, the particulars which are furnished in the Categorical Statements are registered by me today as a Co-operative Society under the said Act on the basis of limited liabilities and that the bye-laws of the undermentioned societies are also hereby registered under the said section.

**Categorical Statements**

(1)

No. O-2701/2019. *29th January 2021.*

1. Name and Number of the Society—Malom Labour Contract Co-operative Society Ltd. No. K. 583.
2. Date of Registration—29-1-2021.
3. Address—Malom, Darkas P. O., Kasaragod (District)-671 534.
4. Liability—Limited.
5. Area of operation—Whole area of Balal, West Eleri, East Eleri Grama Panchayat.
6. Main Object—As per bye law 3.
7. Type of Society—Primary, Primary Labour Contract Co-operative Societies, as per Rule-15-9 (1).
8. Authorized Share Capital—₹ 2,65,00,000.
9. Maximum borrowing power of the society—100 times of the paid up Share Capital + Reserve Fund.

(2)

No. O-115/2020. *29th January 2021.*

1. Name and Number of the Society—Manjeshwaram Taluk Pattikajathi/Pattikavarga Co-operative Society Ltd. No. K. 586.
2. Date of Registration—29-1-2021.
3. Address—Seethamgoli P. O., Edanad.
4. Liability—Limited.
5. Area of operation—Whole area of Manjeshwaram Taluk of Kasaragod District.
6. Main Object—As per bye law 3.
7. Type of Society—SC/ST Co-operative Societies, Primary SC/ST-Co-op. Society as per Rule-15-7(2).
8. Authorized Share Capital—₹ 1,04,25,000.
9. Maximum borrowing power of the society—150 times of the paid up Share Capital + Reserve Fund.

Office of the Joint Registrar of
Co-operative Societies (General), (Sd.)
Kasaragod. *Joint Registrar (General) i/c.*

---